# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ലോകം നേരിടുന്ന സുപ്രധാന വെല്ലുവിളികളിലൊന്നാണ് തുണി മാലിന്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തുണിത്തരങ്ങളുടെ പുന:ചംക്രമണം ഒരു ശതമാനത്തിൽ താഴെ മാത്രമാണെന്നും മൻ കി ബാത്തിൽ പരാമർശം.

**Prime Minister Narendra Modi today highlighted the challenge of textile waste, saying that it has become a major cause of worry for the entire world. He expressed concern over a finding that only less than one percent of textile waste is recycled into new clothes.**

2. വേനൽ അവധിക്കാലത്തെ സന്നദ്ധപ്രവർത്തനങ്ങൾ പങ്കുവെക്കാൻ കുട്ടികളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി. ലോകമെമ്പാടും യോഗയുടെ പ്രസക്തി വർദ്ധിച്ചു വരുന്നതായും നരേന്ദ്ര മോദി.

**The Prime Minister advised students to take up a hobby and do constructive things during their summer vacations. He termed it a matter of pride that the curiosity about Yoga is growing across the world.**

3. ഛത്തീസ്ഗഢിൽ 33,700 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും.

**Prime Minister will lay foundation stone, and dedicate to the nation multiple development projects worth over 33,700 crore rupees in Chattisgarh.**

4. ലഹരിയുടെ ഉന്മൂലനത്തിന് പൊതു സമൂഹത്തിൻറെ ഇടപെടൽ അനിവാര്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan has said that the intervention of the society is necessary to eradicate drugs.**

5. സിറിയയിൽ ഇടക്കാല സർക്കാർ രൂപീകരികരണം പ്രഖ്യാപിച്ച് പ്രസിഡന്റ് അഹമ്മദ് അൽ-ഷറ.

**In Syria, interim President Ahmed al-Sharaa has announced the formation of a "transitional government"**

&&&&&&&&&&&&&&&&&&&&&&

## HEADLINE 2
## MANN KI BAAT-HOLIDAY- INTRO

വേനൽ അവധിക്കാലത്ത് സന്നദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥികൾ സമയം കണ്ടെത്തണമെന്ന് പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിൻറെ 120 -ാം പതിപ്പിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇത്തരം അവധിക്കാല അനുഭവങ്ങൾ #HolidayMemories-മായി പങ്കിടണമെന്നും 'മൻ കി ബാത്തിൻറെ അടുത്ത പതിപ്പിൽ അവ ഉൾപ്പെടുത്താൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(PM HOLD VOICE)

&&&&&&&&&&&&&&&&&&&&&&

## MANN KI BAAT- WATER CONSERVATION

രാജ്യത്ത് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജിതമായി പുരോഗമിക്കുന്നതായി മൻ കി ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ആയിരക്കണക്കിന് കൃത്രിമ കുളങ്ങൾ, ചെക്ക് ഡാമുകൾ, കമ്മ്യൂണിറ്റി സോക്ക് പിറ്റുകൾ എന്നിവയുടെ നിർമ്മാണം നടക്കുകയാണ്. കഴിഞ്ഞ 8 വർഷങ്ങൾക്കിടയിൽ, പുതുതായി നിർമ്മിച്ച ജലാശയങ്ങൾ, കുളങ്ങൾ, ജല റീചാർജ് സംവിധാനങ്ങൾ എന്നിവയിലൂടെ 11 ബില്യൺ ക്യൂബിക് മീറ്ററിലധികം വെള്ളം സംരക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. വേനൽക്കാലത്ത് വീടുകളിൽ പക്ഷികൾക്കായി കുടിവെള്ളം വയ്ക്കാനും പ്രധാനമന്ത്രി ജനങ്ങളോട് ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&&&&&&

## HEADLINE 1
## MANN KI BAAT- YOGA, TEXT-INTRO

ലോകം നേരിടുന്ന സുപ്രധാന വെല്ലുവിളികളിലൊന്നാണ് തുണി മാലിന്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. തുണിത്തരങ്ങളുടെ പുനചംക്രമണം വെറും ഒരു ശതമാനത്തിൽ താഴെയാണെന്നും അദ്ദേഹം മൻ കി ബാത്തിൽ പരാമർശിച്ചു. ലോകമെമ്പാടും യോഗയെയും

പരമ്പരാഗത ഇന്ത്യൻ വൈദ്യശാസ്ത്രത്തെയും കുറിച്ചുള്ള ജിജ്ഞാസ വർദ്ധിച്ചുവരികയാണെന്ന് പറഞ്ഞ അദ്ദേഹം, യോഗ ദിനാചരണത്തിന് ഇനി 100 ദിവസത്തിൽ താഴെ മാത്രമേ ഉള്ളുവെന്നും ഓർമ്മിപ്പിച്ചു

(Hold Voice- Prime Minister)

&&&&&&&&&&&&&&&&&&

## MANN KI BAAT- FIT INDIA, HANUMANKIND

ന്യൂഡൽഹിയിൽ അടുത്തിടെ നടന്ന ഫിറ്റ് ഇന്ത്യ കാർണിവലിന് ആവേശകരമായ സ്വീകരണമാണ് ലഭിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്വന്തം പ്രദേശങ്ങളിൽ ഇത്തരം കാർണിവലുകൾ സംഘടിപ്പിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. പ്രശസ്ത റാപ്പർ ഹനുമാൻകൈൻഡിന്റെ പുതിയ ഗാനത്തിലൂടെ, കളരിപ്പയറ്റ് ഉൾപ്പെടെയുള്ള പരമ്പരാഗത ആയോധനകലകളെക്കുറിച്ച് ലോകമെമ്പാടുമുള്ളവർക്ക് അറിയാൻ കഴിഞ്ഞതായും, ഇതിന് അദ്ദേഹത്തെ അഭിനന്ദിക്കുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MANN KI BAAT- KHELO INDIA - INTRO

ഖേലോ ഇന്ത്യ പാരാ ഗെയിംസിലെ കായിക താരങ്ങളുടെ മികച്ച പ്രകടനത്തെക്കുറിച്ച് പ്രധാനമന്ത്രി മൻ കി ബാതിൽ പരാമർശിച്ചു. ഖേലോ ഇന്ത്യ പാരാ ഗെയിംസിൽ പങ്കെടുത്ത എല്ലാവരെയും അഭിനന്ദിച്ച പ്രധാനമന്ത്രി, ദിവ്യാംഗരായ കായികതാരങ്ങൾ 18 ദേശീയ റെക്കോർഡുകൾ കുറിച്ചതായും പറഞ്ഞു. ഖേലോ ഇന്ത്യ പാരാ ഗെയിംസിൽ സ്വർണ്ണ മെഡൽ നേടിയ പഞ്ചഗുസ്തി താരം ജോബി മാത്യു എഴുതിയ കത്തിലെ ചില ഭാഗങ്ങളും പ്രധാനമന്ത്രി പരാമർശിച്ചു.

(പി എം ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

## MKB-ABDUL SALAM -INTRO

മൻ കി ബാത്തിൽ പാരാ അത്ലറ്റുകളുടെ നേട്ടങ്ങളെ കുറിച്ച് പ്രധനമന്ത്രി പരാമർശിച്ചത് ഏറെ പ്രചോദനം നൽകുന്നതാണെന്ന് ആലപ്പുഴയിൽ

നിന്നുള്ള പാരാ അത്ലറ്റ് അബ്ദുൾ സലാം ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&&&&

## MKB PM WISHES

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി മൻ കി ബാത്തിൽ പുതുവത്സരാശംസകൾ നേർന്നു.വ്യത്യസ്ത ഭാഷകളിൽ ലഭിച്ച ഉഗാദി, ഗുഡി പട് വ, വിഷു ദിനാശംസകളും അദ്ദേഹം 'മൻ കി ബാത്തിൽ പങ്കുവച്ചു.

&&&&&&&&&&&&&&&&&&&&&&

## NAVRATRI + UGADI

ഒൻപതു ദിവസത്തെ ചൈത്ര നവരാത്രി ആഘോഷങ്ങൾക്ക് തുടക്കമായി. ദുർഗ്ഗ ദേവിയുടെ ഒൻപതു അവതാരങ്ങളുടെ ആരാധന ഈ ദിവസങ്ങളിൽ നടക്കും. അടുത്ത മാസം 6 വരെ ആകാശവാണിയുടെ ആരാധന യു ട്യൂബ് ചാനലിൽ പ്രത്യേക നവരാത്രി പരിപാടികൾ അവതരിപ്പിക്കും. തെലുങ്ക് പുതുവത്സരമായ ഉഗാദിയും ഇന്ന് ആഘോഷിക്കുകയാണ്. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ ജനങ്ങൾക്ക് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&&&&&

## HEADLINE 3

## PM - MAHARASHTRA/CHHATTISGARH VISIT

ആർ എസ് എസ് സ്ഥാപകരായ കേശവ് ഹെഡ്ഗേവാർ, മാധവറാവു ഗോൾവാൾക്കർ എന്നിവർക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. മഹാരാഷ്ട്രയിലെ നാഗ്പൂരിലെ സ്മൃതി മന്ദിറിലെത്തിയാണ് അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിച്ചത്. തുടർന്ന്, ദീക്ഷഭൂമി സന്ദർശിച്ച പ്രധാനമന്ത്രി ഡോ. ബി. ആർ. അംബേദ്കർക്ക് ആദരമർപ്പിച്ചു. നാഗ്പൂരിലെ മാധവ് നേത്രാലയ പ്രീമിയം സെന്ററിന്റെ

ശിലാസ്ഥാപനവും നിർവഹിച്ചു. ഉച്ചയ്ക്ക് ശേഷം ഛത്തീസ്ഗഢിലെ ബിലാസ്പൂരിൽ 33,700 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&&

## AMIT SHAH BIHAR VISIT

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ബീഹാറിലെ പട്നയിൽ സംസ്ഥാനതല സഹകരണ സമ്മേളനം ഉദ്ഘാടനം ചെയ്യും. അന്താരാഷ്ട്ര സഹകരണ വർഷത്തിൻറെ ഭാഗമായാണ് സമ്മേളനം. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 7,000-ത്തിലധികം പ്രതിനിധികൾ പങ്കെടുക്കും. 800 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും.

&&&&&&&&&&&&&&&&&&

## HEADLINE 4

## CM KERALA

ലഹരിയുടെ ഉന്മൂലനത്തിന് പൊതു സമൂഹത്തിൻറെ ഇടപെടൽ അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലഹരി വ്യാപനം തടയാൻ തിരുവനന്തപുരത്ത് വിളിച്ച യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾക്ക് വേണ്ടിയാണ് യോഗമെന്നും പങ്കെടുക്കുന്ന ഓരോ മേഖലയിലുള്ളവർക്കും പുതിയ നിർദ്ദേശങ്ങൾ നൽകാനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## IPL

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകിട്ട് 3.30 ന് ഡൽഹി ക്യാപിറ്റൽസ്, സൺറൈസേഴ്സ് ഹൈദരാബാദിനെയും രാത്രി 7.30ന് രാജസ്ഥാൻ റോയൽസ്, ചെന്നൈ സൂപ്പർ കിംഗ്സിനെയും നേരിടും.

&&&&&&&&&&&&&&&&&&

## ISL

ഐ എസ് എൽ ഫുട്ബോളിൽ മുംബൈ സിറ്റി എഫ്.സി യെ ഏകപക്ഷീയമായ അഞ്ച് ഗോളുകൾക്ക് തകർത്ത് ബെംഗളൂരു എഫ്സി സെമി ഫൈനലിൽ കടന്നു. സെമിയിൽ എഫ്സി ഗോവയാണ് ബെംഗളൂരുവിൻറെ എതിരാളി.

&&&&&&&&&&&&&&&&&&

## HEADLINE 5

## SYRIA - INTERIM GOVT

സിറിയയിൽ, ഇടക്കാല സർക്കാർ രൂപീകരികരണം പ്രഖ്യാപിച്ച് ഇടക്കാല പ്രസിഡന്റ് അഹമ്മദ് അൽ-ഷറ . 23 അംഗ മന്ത്രിസഭയിൽ മുമ്പ് വിദേശകാര്യ അതോറിറ്റിയുടെ ഇടക്കാല മേധാവിയായിരുന്ന അസദ് ഹസ്സൻ അൽ-ഷിബാനിയെ വിദേശകാര്യ മന്ത്രിയായി നിയമിച്ചു. പതിറ്റാണ്ടുകളായി തുടരുന്ന അസദ് കുടുംബ ഭരണം കഴിഞ്ഞ ഡിസംബറിൽ അവസാനിച്ചതിന് ശേഷമുള്ള പ്രധാന നാഴികക്കല്ലാണ് പുതിയ സർക്കാരിന്റെ രൂപീകരണം.

&&&&&&&&&&&&&&&&&&

## RAMADAN

ചെറിയ പെരുന്നാളിനെ വരവേൽക്കാൻ ഒരുങ്ങി ഇസ്ലാം വിശ്വാസികൾ. ഇന്ന് ശവ്വാൽ മാസപ്പിറവി കാണുന്നവർ അറിയിക്കണമെന്ന് ഖാസിമാർ ആവശ്യപ്പെട്ടു. അതേസമയം, സൗദി അറേബ്യയിൽ ഇന്നലെ മാസപ്പിറവി ദൃശ്യമായതിൻ്റെ അടിസ്ഥാനത്തിൽ ഒമാൻ ഒഴികെ ഗൾഫ് രാജ്യങ്ങളിൽ ഇന്ന് ചെറിയ പെരുന്നാൾ ആഘോഷിക്കുകയാണ്.

&&&&&&&&&&&&&&&&&&

## INTERNATIONAL ZERO WASTE DAY

ഇന്ന് അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം. ആഗോളതലത്തിൽ മാലിന്യ സംസ്കരണം ശക്തിപ്പെടുത്തേണ്ടതിൻറെ പ്രാധാന്യം, മാലിന്യ പ്രതിസന്ധി പരിഹരിക്കുന്നതിന് സുസ്ഥിരമായ മാർഗങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത തുടങ്ങിയവയാണ് ദിനാചരണത്തിൻറെ ലക്ഷ്യം. ഫാഷനിലും

തുണിത്തരങ്ങളിലും പൂജ്യം മാലിന്യത്തിലേക്ക് എന്നതാണ് ഈ വർഷത്തെ പ്രമേയം.

&&&&&&&&&&&&&&&&&&&

## ZERO WASTE -KERALA

കേരളത്തിൽ സമ്പൂർണ മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം ഇന്ന് നടക്കും. 13 മാനദണ്ഡങ്ങളിൽ ഓരോന്നിലും 80 ശതമാനത്തിലധികം പുരോഗതി കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിക്കുന്നത്. തുടർന്ന് ഏപ്രിൽ അഞ്ച് വരെയുള്ള തീയതികളിലായ് ജില്ലാതല പ്രഖ്യാപനങ്ങൾ നടക്കും.

&&&&&&&&&&&&&&&&&&&

## MYANMAR

മ്യാൻമർ ഭൂകമ്പത്തിൽ മരിച്ചവരുടെ എണ്ണം 1,644 ആയി. പരിക്കേറ്റവരുടെ എണ്ണം 3,408 ആയതായും 139 പേരെ കാണാനില്ലെന്നും സർക്കാർ അറിയിച്ചു. അതേസമയം മ്യാൻമറിന് സഹായവുമായി ഓപ്പറേഷൻ ബ്രഹ്മയുടെ ഭാഗമായി അഞ്ച് ഇന്ത്യൻ വ്യോമസേന വിമാനങ്ങൾ യാങ്കോണിലും നയ് പൈ താവിലും എത്തിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&&

## GAZA-CEASEFIRE PROPOSAL

ഗാസ വെടിനിർത്തലുമായി ബന്ധപ്പെട്ട് ഈജിപ്റ്റിൽ നിന്നും ഖത്തറിൽ നിന്നുമുള്ള പുതിയ നിർദ്ദേശം ഹമാസ് അംഗീകരിച്ചു. വെടിനിർത്തൽ നിർദ്ദേശം ക്രിയാത്മകമായി അംഗീകരിച്ചതായും ഇസ്രായേൽ, കരാറിനെ ദുർബലപ്പെടുത്തില്ലെന്ന് പ്രതീക്ഷിക്കുന്നതായും ഹമാസ് മേധാവി പറഞ്ഞു. അഞ്ച് ഇസ്രായേലി ബന്ദികളെ ഹമാസ് എല്ലാ ആഴ്ചയും മോചിപ്പിക്കണമെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&&

## CHHATTISGARH-MAOISTS

ഛത്തീസ്ഗഢിലെ ബസ്റ്റർ ഡിവിഷനിലെ സുക്മ ജില്ലയിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ 17 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. നാല് സുരക്ഷാ ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. പരിക്കേറ്റ ജവാൻമാർ അപകടനില തരണം ചെയ്തു. ഇന്നലെ രാവിലെ മുതൽ ഈ പ്രദേശത്ത് ഏറ്റുമുട്ടൽ നടക്കുകയാണ്. നിരവധി ആയുധങ്ങളും കണ്ടെടുത്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&